സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

127 (5347) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ മാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സെക്കന്റ് ഗ്രേഡ് സർവ്വേയർ, ഫസ്റ്റ് ഗ്രേഡ് സർവ്വേയർ, ഹെഡ് സർവ്വേയർ എന്നിവരുടെ അവസാനം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ഹെഡ് സർവ്വേയർക്കെതിരെയുള്ള നടപടി

128 (5348) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. കെ. ജി. അജിത് കുമാർ, ശിവാലയം, പാച്ചല്ലൂർ നൽകിയ അഴിമതി ആരോപണം സംബന്ധിച്ച് 13-10-2009-ലെ സർവ്വേ ജി. 5.2203/09 നമ്പർ സർവ്വേ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ പേജ് നമ്പർ 4-ൽ ഐറ്റം നമ്പർ 5-ൽപ്പെടുത്തി ചാർജ് ഷീറ്റ് നൽകിയ ഹെഡ് സർവ്വേയർ ചെയ്ത കുറ്റം പരിശോധനയ്ക്ക് വിധേയമാക്കുമോ ;

(സി) ടിയാൾ സുപ്രണ്ടിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഹെഡ് സർവ്വേയർക്കെതിരെ ചാർജ് മെമ്മോ കൊടുത്തത് പരിശോധിക്കുമോ ;

(ഡി) ഇക്കാരണം കൊണ്ട് ടിയാൾക്ക് അർഹതപ്പെട്ട പ്രൊമോഷൻ തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം 6 ആഴ്ചയ്ക്കകം പരാതി തീർപ്പാക്കണമെന്ന നിർദ്ദേശം പാലിക്കുവാൻ തയ്യാറാകുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പ്രസ്തുത റിപ്പോർട്ടിൽ പേജ് നമ്പർ 4-ൽ ക്രമനമ്പർ 5-ൽ പരാമർശിക്കുന്ന ഹെഡ് സർവ്വേയർ ശ്രീ. കെ. ജയകുമാർ ചെയ്ത കുറ്റത്തെ സംബന്ധിച്ച് 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15(2) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥയായി സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ II ശ്രീമതി പി. ആർ. പുഷ്പയെ നിയമിച്ച് പരിശോധിക്കുകയും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹെഡ് സർവ്വേയർ ശ്രീ. കെ. ജയകുമാറിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുള്ള തിനാലാണ് ചാർജ്ജ് മെമ്മോ നൽകിയത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ശ്രീ. കെ. ജയകുമാറിനെതിരെയുള്ള അച്ചടക്ക നടപടി 6 ആഴ്ചയ്ക്കകം തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നതിനാൽ ടി കാലയളവിൽ തന്നെ പരാതി തീർപ്പാക്കുവാൻ ശ്രമിക്കുന്നതാണ്. ആയതിന്റെ ഭാഗമായി 6-8-2010-ാം തീയതി ടിയാനെ സർവ്വേ ഡയറക്ടർ നേരിൽ കേൾക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ബസ് ചാർജ്ജ്

129 (5349) ശ്രീ. വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ ബസ് ചാർജ്ജ് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വിദ്യാർത്ഥികളുടെ ബസ് ചാർജ്ജ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) എന്തൊക്കെയാണ് പ്രസ്തുത നടപടികൾ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി & സി) വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾ പരിഗണിക്കുന്നതിന് ജില്ലാ തലത്തിൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ സ്റ്റുഡന്റ്സ് ട്രാവലിംഗ് ഫെസിലിറ്റി കമ്മിറ്റികൾ നിലവിലുണ്ട്. എല്ലാ ജില്ലകളിലും കളക്ടർ ചെയർമാനായ ജില്ലാ സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി വിളിച്ചു കൂട്ടാനും പ്രൈവറ്റ് ബസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള കൺസഷൻ വിതരണം സംബന്ധിച്ചും പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികളെ കയറ്റുന്നില്ല, സ്റ്റോപ്പിൽ ബസ്സ് നിർത്തുന്നില്ല, വിദ്യാർത്ഥികൾക്ക് സീറ്റ് അനുവദിക്കുന്നില്ല, അവരിൽ നിന്നു